**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1614

21.01.2014 ൽ
മറുപടിയ്ക്ക്

**കരിയർ ഗൈഡൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. വി.റ്റി. ബൽറാം.<br>ശ്രീ. ഹൈബി ഈഡൻ.<br>ശ്രീ. പാലോട് രവി. | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | എ) യും ബി) യും | ഉണ്ട്. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിക്കുകയും ജില്ലാതലത്തിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ 80 ട്രെയിനിംഗ് ക്ലാസ്സുകൾ 10, +2, ഡിഗ്രി തലത്തിൽ പഠിക്കുന്ന കുട്ടികൾക്കായി സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ ക്ലാസ്സിനും ശരാശരി 150 കുട്ടികളാണ് പങ്കെടുക്കുന്നത്. ഹൈസ്കൂൾ/ഹയർ സെക്കന്ററി/കോളേജ് വിദ്യാഭ്യാസത്തിന് ശേഷം വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് ഉപരിപഠനത്തിന് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിലെ ഉദ്യോഗലബ്ധിക്ക് പ്രാപ്തരാക്കുകയും ഇതിനാവശ്യമായ ശാസ്ത്രീയമായ പരിശീലനം നൽകുകയുമാണ് ലക്ഷ്യങ്ങൾ. |
| സി) ഏതു വിഭാഗത്തിലുള്ള വിദ്യാർത്ഥികളെയാണ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | സി) | ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി എന്നീ വിഭാഗത്തിലുള്ള വിദ്യാർത്ഥികളെയാണ് പരിധിയിൽ ഉൾപ്പെടുത്തുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | ഡി) | ജില്ലാകളക്ടറേറ്റുകൾക്ക് കീഴിൽ ന്യൂനപക്ഷ സെല്ലും, മുസ്ലീം യുവജന പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ, ന്യൂനപക്ഷക്ഷേമ വകുപ്പിലെ പ്രോജക്ട് ആഫീസർ, സൂപ്പർ വൈസർ, ഇൻഫർമേഷൻ ആന്റ് റിസർച്ച് ഓഫീസർ എന്നിവരും പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ